കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികവർഗ്ഗ വികസന വകുപ്പ്- 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് സ്കീം (പുതുക്കിയ എ.ടി.എസ്.പി/പ്രത്യേക പാക്കേജ്) പദ്ധതി നടത്തിപ്പിനാവശ്യമായ മാർഗ്ഗ രേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2302/2017/പജ.പവ.വിവ** **തിരുവനന്തപുരം, തീയതി: 20/09/2017**

പരാമർശം: പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 17.06.2017-ലെ എ 3-8000/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിവിധ ജില്ലകളിലെ ഏറ്റവും പിന്നോക്ക മേഖലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന സങ്കേതങ്ങളിൽ പ്രോജക്റ്റ് അധിഷ്ഠിതരീതിയിൽ 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് സ്കീം (പുതുക്കിയ എ.ടി.എസ്.പി/പ്രത്യേക പാക്കേജ്) പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും 2017-18 വർഷം 20 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും, പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗരേഖ അംഗീകരിക്കണമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് സ്കീം (പുതുക്കിയ എ.ടി.എസ്.പി/പ്രത്യേക പാക്കേജ്) പദ്ധതി 50 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിയും, ആയതിനുള്ള മാർഗ്ഗരേഖ (അനുബന്ധമായി ചേർക്കുന്നു) അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനകുമാരി.എസ്**
**ജോയിന്റ് സെക്രട്ടറി**

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
4. വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് പദ്ധതി നടത്തിപ്പിനാവശ്യമായ മാർഗ്ഗ രേഖ

1. തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സാമൂഹ്യ സാമ്പത്തിക വികസനത്തിനുള്ള നിർദ്ദേശങ്ങൾ ഊരുകൂട്ടത്തിൽ ചർച്ച ചെയ്ത്, നടപ്പിലാക്കേണ്ട പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കേണ്ടതാണ്. മുൻകൂട്ടി നോട്ടീസ് നൽകി വിളിച്ച ചേർക്കുന്ന ഊരുകൂട്ടത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികളും, ജില്ലാകളക്ടർ, ജില്ലാ പ്ലാനിംഗ് ആഫീസർ, മറ്റ് ലൈൻ ഡിപ്പാർട്ട്മെന്റിന്റെ ജില്ലാ തല ഉദ്യോഗസ്ഥരും പങ്കെടുക്കേണ്ടതാണ്.

2. ഊരുകൂട്ടം അംഗീകരിക്കുന്ന വികസന പ്രവർത്തനങ്ങളുടെ മുൻഗണനാ ക്രമമനുസരിച്ച്, നടപ്പിലാക്കേണ്ട പദ്ധതികളിൽ, ഭവനം, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗ വികസന പുനരധിവാസം എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടും, മറ്റ് വികസന പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ലൈൻ ഡിപ്പാർട്ടുമെന്റുകൾ മുഖേനയും നടപ്പിലാക്കേണ്ടതാണ്.

3. തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താഴെ പറയുന്ന പ്രവർത്തികൾ ഏറ്റെടുക്കാവുന്നതാണ്.

    1. ഭവന നിർമ്മാണം
    2. ഭവന പുനരുദ്ധാരണം
    3. ആരോഗ്യം
    4. കുടിവെള്ള സൗകര്യങ്ങൾ
    5. ശുചിത്വ സംവിധാനങ്ങൾ
    6. കൃഷിയും ജലസേചനവും
    7. വരുമാനദായക പദ്ധതികളായ ക്ഷീരവികസനം, മൃഗസംരക്ഷണം, ഉദ്യാനകൃഷി, തയ്യൽ, മറ്റ് സ്വയംതൊഴിൽ പരിപാടികൾ
    8. ഗതാഗതവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ
    9. മണ്ണ് സംരക്ഷണം
    10. വിദ്യാഭ്യാസം
    11. കുട്ടികളുടെയും സ്ത്രീകളുടെയും ശാക്തീകരണവുമായി ബന്ധപ്പെട്ട പരിപാടികൾ

12. പട്ടികവർഗ്ഗക്കാരുടെ സ്ഥായിയായ വികസനത്തിനുതകുന്ന മറ്റ് ആവശ്യാധിഷ്ഠിത കർമ്മ പരിപാടികൾ

4. ഊരുക്കൂട്ടത്തിൽ അംഗീകരിക്കുന്ന വികസന ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ എസ്റ്റിമേറ്റുകൾ നിലവിലുള്ള PWD SOR പ്രകാരം തയ്യാറാക്കേണ്ടതാണ്.
5. ബന്ധപ്പെട്ട ഐ.ടി.ഡി.പ്രോജക്ടാഫീസർ/പട്ടികവർഗ്ഗ വികസന ആഫീസർമാർ വിശദമായ പ്രൊപ്പോസലുകൾ, ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.
6. ആവശ്യമെങ്കിൽ, ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതും, സ്റ്റോർ പർച്ചേയ്സ് നിയമങ്ങൾ പാലിക്കേണ്ടതുമാണ്.
7. എല്ലാ പ്രവൃത്തികളുടെയും നിർവ്വഹണം MOU ജില്ലാ കളക്ടറുമായി ഒപ്പ് വച്ച് നിർദ്ദിഷ്ട സൈറ്റ് ഏറ്റെടുക്കുന്നത് മുതൽ 6 മാസത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതാണ്.
8. കൃഷി, ജലസേചനം, മൃഗസംരക്ഷണം, ക്ഷീരവികസനം, മരാമത്ത്, മണ്ണ് സംരക്ഷണം തുടങ്ങിയ പ്രവൃത്തികൾ ലൈൻ ഡിപ്പാർട്ട്മെന്റ് മുഖേന നടപ്പിലാക്കേണ്ടതാണ്.
9. ജില്ലാ കളക്ടർ ചെയർമാനും, ഐ.ടി.ഡി.പ്രോജക്ടാഫീസർ/പട്ടികവർഗ്ഗ വികസന ആഫീസർ കൺവീനറായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാ തലത്തിൽ പദ്ധതിയുടെ ഏകോപനവും മോണിറ്ററിംഗും നടത്തേണ്ടതാണ്.
   i. സബ്കളക്ടർ/ജില്ലാ പ്ലാനിംഗ് ആഫീസർ
   ii. ജനപ്രിതിനിധികൾ (എം.എൽ.എ, ത്രിതല പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർമാർ)
   iii. സംസ്ഥാന പട്ടികവർഗ്ഗ ഉപദേശക സമിതി മെമ്പർമാർ
   iv. ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ
   v. ജില്ലാപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ
   vi. ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ
   vii. ഊരുമൂപ്പൻ
   viii. എസ്.ടി പ്രൊമോട്ടർ

10. പദ്ധതി പ്രവർത്തനങ്ങളുടെ സംസ്ഥാനതല മോണിറ്ററിംഗ് ബഹു.വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി പ്രിൻസിപ്പൽ സെക്രട്ടറി, വകുപ്പ് ഡയറക്ടർ അംഗങ്ങളായുള്ള സമിതിയുടെ മേൽനോട്ടത്തിൽ നടത്തുന്നതാണ്.

പദ്ധതി ചെലവുകൾ 2225-02-102-85 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഐ.ടി.ഡി.പ്രോജക്ടാഫീസർ/പട്ടികവർഗ്ഗ വികസന ആഫീസർമാർ പദ്ധതിയുടെ ഭൗതീക നേട്ടവും, സാമ്പത്തിക നേട്ടവും ഉൾക്കൊള്ളിക്കുന്ന പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ, തുടർന്നുള്ള മാസം 5-ാം തീയതിയ്ക്ക് മുമ്പായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്കും, ജില്ലാ കളക്ടർക്കും സമർപ്പിക്കേണ്ടതാണ്.